## 1. ആമുഖം

### (i) നിർവചനം

ഇസ്‌ലാമിക പ്രബോധനത്തിന് പല നിർവചനങ്ങളും നല്കപ്പെട്ടിട്ടുണ്ട്. താത്ത്വികവും പ്രായോഗികവുമായ മണ്ഡലങ്ങളിലെ ഇസ്‌ലാമിക ചലനം എന്നാണ് ഡോ. റഊഫ് ശലബി അതിന് നല്കിയ നിർവചനം. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ജനങ്ങളെ ഇസ്‌ലാമികാദർശത്തിലേക്കും അതിന്റെ ജീവിത വ്യവസ്ഥയിലേക്കും ക്ഷണിക്കുക എന്നതാണ് മറ്റൊരു നിർവചനം. ''ജനങ്ങൾക്ക് ഇസ്‌ലാം എത്തിച്ചുകൊടുക്കുകയും ജീവിതരംഗത്ത് അത് പ്രയോഗവത്കരിക്കുകയും അതവരെ പഠിപ്പിക്കുകയും ചെയ്യുക'' എന്നതാണ് *അൽമദ്ഖലു ഇലാ ഇൽമിദ്ദഅ്‌വഃ* എന്ന കൃതിയുടെ കർത്താവ് ഡോ. മുഹമ്മദുൽ ബയാനൂനി നല്കുന്ന നിർവചനം. ''സന്ദേശം എത്തിച്ചുകൊടുക്കുക മാത്രമേ ഞങ്ങൾക്ക് ബാധ്യതയുള്ളൂ'' എന്ന പ്രവാചകന്മാരുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിന്റെ പ്രയോഗവൽക്കരണം ഇസ്‌ലാമിക പ്രബോധനത്തിന്റെ ലക്ഷ്യമോ പ്രബോധകന്റെ ചുമതലയോ അല്ലെന്ന ചിലരുടെ വാദത്തെ ഡോ. ബയാനൂനി ഇപ്രകാരം ഖണ്ഡിക്കുന്നു: ''ഇതു പോലുള്ള ഖുർആനിക സൂക്തങ്ങൾ പ്രബോധനത്തിൽനിന്ന് ജനങ്ങൾ പിന്തിരിയുന്ന പശ്ചാത്തലത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. പ്രബോധിതർ പിന്തിരിയുമ്പോൾ പ്രബോധകന്മാരായ പ്രവാചകന്മാർക്ക് വസ്തുതകൾ വിവരിച്ചുകൊടുക്കുകയും എത്തിക്കുകയും ചെയ്യേണ്ട ചുമതലയേയുള്ളൂ. സന്മാർഗ ദർശനം അല്ലാഹുവിന് മാത്രം സാധിക്കുന്ന കാര്യമാണ്. എന്നാൽ ജനങ്ങൾ പ്രബോധനത്തെ സ്വാഗതം ചെയ്യുകയും ഇസ്‌ലാമിലേക്ക് ആകൃഷ്ടരാവുകയും ചെയ്യുമ്പോൾ ദീൻ അവരെ പഠിപ്പിക്കുകയും അവരുടെ ജീവിതത്തിൽ അത് പ്രയോഗവൽക്കരിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.''(*അൽമദ്ഖലു ഇലാ ഇൽമിദ്ദഅ്‌വഃ പേ. 20-21*).